**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2747** **12-07-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻ അക്കാദമിക വർഷം പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനുള്ള നിരവധി അപേക്ഷകൾ ബന്ധപ്പെട്ടവർ സ്വീകരിക്കാതിരുന്നതിനാൽ വിദ്യാർത്ഥികൾക്ക് വലിയ പ്രതിസന്ധി ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിനുള്ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പിലാക്കി വന്നിരുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കേന്ദ്ര നിർദ്ദേശ പ്രകാരം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ജോലിഭാരം വളരെയധികം വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിന് ജില്ലാ തലത്തിൽ ഓഫീസുകൾ നിലവിൽ ഇല്ലാത്തതിനാലും ജീവനക്കാരുടെ അപര്യാപ്തത മൂലവുമാണ് പട്ടികജാതി വികസന വകുപ്പിന്റെ സഹായം ആവശ്യമായി വരുന്നത്. അപേക്ഷകൾ സ്വീകരിക്കുന്നതിലും സ്കോളർഷിപ്പ് വിതരണത്തിലുമുണ്ടായ തടസ്സങ്ങൾ നിലവിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പിന്നാക്ക വിഭാഗ വികസനത്തിന് പ്രത്യേക വകുപ്പ് ഉള്ളതിനാൽ പട്ടികജാതി വികസന വകുപ്പിൽ പ്രസ്തുത വിദ്യാർഥികളുടെ അപേക്ഷകൾ സ്വീകരിക്കുകയില്ലെന്ന ഉദ്യോഗസ്ഥ നിലപാടിനെ തുടർന്നുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിനുള്ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പിലാക്കി വന്നിരുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കേന്ദ്ര നിർദ്ദേശ പ്രകാരം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ജോലിഭാരം |

| | | | |
|---|---|---|---|
| | | | വളരെയധികം വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പിന് ജില്ലാ തലത്തിൽ ഓഫീസുകൾ നിലവിൽ ഇല്ലാത്തതിനാലും ജീവനക്കാരുടെ അപര്യാപ്തത മൂലവുമാണ് പട്ടികജാതി വികസന വകുപ്പിന്റെ സഹായം ആവശ്യമായി വരുന്നത്. അപേക്ഷകൾ സ്വീകരിക്കുന്നതിലും സ്കോളർഷിപ്പ് വിതരണത്തിലുമുണ്ടായ തടസ്സങ്ങൾ നിലവിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | നിർധനരായ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉപരി പഠന കാര്യങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കാതെ അവരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ശക്തിപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് എല്ലാ ജില്ലകളിലും ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ